(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2130/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

തീയതി 15.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /2130/2016

തീയതി: 15.12.2016

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.04.2016 മുതൽ 07.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽകണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 41 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.ജമാലുദ്ദീൻ ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016മുതൽ 31.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജോൺ മനോഹർ, ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സുരേഷ്ബാബു, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.തനൂജ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ദീപേഷ്.സി.ഡി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : അഡ്വ.എ.എ.ഹക്കീം 08.11.2010 മുതൽ 31.10.2015 വരെ

ശ്രീമതി.ഐ.മിനി 19.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : എസ്.പ്രസന്നൻ 01.04.2015 മുതൽ 31.03.2016

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ദീപ്തി | 2015-16 | റ്റി.സി.5/2630(4), മാലേയം റ്റി.റ്റി.സി എൻക്ലേവ്, കവടിയാർ പി ഒ, |
| വി.ഇ.ഒ | ശ്രീ.പ്രശാന്ത് | 2015-16 | ശ്രീഗീത്, നെട്ടവത്തറ ലെയിൻ, നെട്ടയം, തിരുവനന്തപുരം |
| എൽ.വി.ഇ.ഒ | ശ്രീമതി.രഞ്ജിത | 2015-16 | എസ്.കെ.വി. നിവാസ്, ആനാട്, ആനാട് പി. ഒ, നെടുമങ്ങാട് |
| വെറ്ററിനറി സർജൻ | ശ്രീമതി.മുംതാസ് | 2015-16 | റ്റി.സി.14/2099(2), ബേക്കർ ഹൗസ്, പാളയം, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ദേവി | 2015-16 | ഓംങ്കാർ, ചാക്ക, പേട്ട, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സഫീന ഇബ്രാഹിം | 2015-16 | വി.കെ.ആർ.എ-137 എ, ജമീല കുന്നവിള, കണിയാം കോണം ലെയിൻ, വാഴോട്ടുകോണം, വട്ടിയൂർക്കാവ് |

| | | | |
|---|---|---|---|
| | | | |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.ശോഭ ചന്ദ്രൻ | 2015-16 | വൃന്ദാവൻ ഗാർഡൻസ്,<br>പട്ടം പി.ഒ,<br>തിരുവനന്തപുരം |
| കൃഷി ഓഫീസർ | ശ്രീ.സേവ്യർ | 2015-16 | ഗ്രീൻവാലി, അണ്ണൂർ റോഡ്, തിരുമല, തിരുവനന്തപുരം |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.ധനലക്ഷ്മി | 2015-16 | റ്റി.സി 26/516, നിയർ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 |
| സെക്രട്ടറി | എസ്.പ്രസന്നൻ | 2015-16 | തംബുരു, ഇരിഞ്ചയം പി.ഒ, നെടുമങ്ങാട് |
| പ്രസിഡന്റ് | അഡ്വ.എ.എ.ഹക്കിം | 08.11.2010 മുതൽ 31.10.2015 വരെ | ഹരിത,<br>മുള്ളിലവിൻമൂട്,<br>വട്ടക്കുളം,<br>അരുവിക്കര പി.ഒ |
| പ്രസിഡന്റ് | ശ്രീമതി.ഐ.മിനി | 19.11.2015 മുതൽ | മിനി ഭവൻ, കുതിരകുളം, കുതിരകുളം പി.ഒ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം രണ്ട് | | |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം: | 2.1 | |

| | | | |
|---|---|---|---|
| | | | |
| 13 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2.2 | |
| 14 | ഡി.ആന്റ്.ഒ ലൈസൻസ് | 2.3 | |
| 15 | പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം | 2.4 | |
| 16 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 2.5 | |
| 17 | ക്രഷർ യൂണിറ്റുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2.6 | |
| | ഭാഗം മൂന്ന് | | |
| 18 | റിവർസാൻഡ് ഇറക്കിയതിന്റെ വൗച്ചറുകൾ<br>ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു 2,31,112/- | 3.1 | |
| 19 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3.2 | |
| 20 | അരുവിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തൽ - തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല. | 3.3 | |
| 21 | ആശുപത്രി - ഓഫീസ് - ഉപകരണങ്ങൾ വാങ്ങൽ - എം.ഒ/ ഡി.ഡി - കൈപ്പറ്റ് രസിത് എന്നിവ ഹാജരാക്കിയില്ല | 3.4 | |
| 22 | പാലിയേറ്റീവ് കെയർ - അധികം തുക പിൻവലിച്ചു - 40,494/- രൂപ തടസ്സപ്പെടുത്തുന്നു. | 3.5 | |

| | | | |
|---|---|---|---|
| | | | |
| 23 | കാരോട്ടുകോണം- തലയ്ക്കാവിള- വഴനിലം റോഡ് ഫസ്റ്റ് മെറ്റലിംഗ് -എം ബുക്കിലെ തുകകൾ കൂട്ടിയതിലെ അപാകത - കരാറുകാരന് 921/-രൂപ അധികമായി നൽകി | 3.6 | |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം - പ്രവർത്തി മൂല്യം കണക്കാക്കാതെ മെയിന്റനൻസ് തുക നൽകി | 3.7 | |
| 25 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.8 | |
| 26 | വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.9 | |
| 27 | ജീവനക്കാരുടെ പേര് ഉൾപ്പെട്ട സീൽ നിർമ്മിച്ചു നൽകിയതിൽ 3825/- തടസ്സം ചെയ്യുന്നു. | 3.10 | |
| 28 | സമയ ക്രമം കഴിഞ്ഞ് യാത്രാ ബത്ത, ഡി.എ കുടിശ്ശിക എന്നിവ വാങ്ങിയത് 17610/- രൂപ തടസ്സം ചെയ്യുന്നു. | 3.11 | |
| 29 | മുണ്ടേൽ അംഗൻവാടിയിലെ മഹാഗണി മരം ലേലം ചെയ്തതിലെ അപാകത 12556/- രൂപ നിരാകരിക്കുന്നു. | 3.12 | |
| 30 | വാർഡ് സഭാ കേന്ദ്രവും വാർഡു വികസന സമിതിയും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. | 3.13 | |
| 31 | പ്രവർത്തന രഹിതമായ ടി.വി. കീയോസ്കുകൾക്ക് ചെലവു ചെയ്ത തുക 1,199/- രൂപ നിരസിക്കുന്നു | 3.14 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | തീരുമാനം നമ്പർ I (1) 04.03.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 31.07.2016 | 20.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 36114894 |
| വരവ് | 36087337 |
| ആകെ | 72202231 |
| ചെലവ് | 55325420 |
| നീക്കിബാക്കി | 16876811 |

(കുറിപ്പ് - റസീപ്റ്റ്സ് & പേയ്മെന്റ്സ് പ്രകാരം)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5281432 | 1093274 | 6374706 | 15977476 | 9602770 | ഇല്ല |
| വികസന ഫണ്ട് (എസ്.സി.പി) | 2803570 | 554553 | 3358123 | 2039680 | 1318443 | ഇല്ല |
| വികസനഫണ്ട് (ടി.എസ്.പി) | 26000 | - | 26000 | 26000 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2156951 | 6073465 | 8230416 | 8230416 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1156479 | 2059616 | 3216095 | 3216095 | - | - |
| ധനകാര്യ കമ്മീ | 5389942 | 7002054 | 12391996 | 8756163 | 3676327 | 40494* |

| | | | | | | |
|---|---|---|---|---|---|---|
| ഷൻ അവാർഡ് | | | | | | |
| പെർഫോർ മൻസ് ഗ്രാന്റ് | 4675857 | - | 4675857 | 93857 | 4582000 | |
| എം.എൻ.ആർ. ഇ.ജി.എസ് | - | 29444548 ** | 29444548 | 29437090 | - | 7458 |
| ബി ഫണ്ട് | - | 40819741 | 40819741 | 40819741 | - | - |
| മറ്റു വരവുകൾ (Centrally sponsered scheme fund) | 2824517 | 696077 | 3520594 | 885367 | 2635227 | - |

*2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ VFA IVകേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും 40494രൂപ പിൻവലിച്ചു. പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചതിലും അധികം തുകയായി ഈ തുക നൽകിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ ഒരു ഭാഗത്തും പ്രതിഫലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം:46 (തീയതി: 31.10.2016) നൽകിയിരുന്നു. സാംഖ്യ സോഫ്റ്റ്വെയറിലെ തകരാർ മൂലം അലോട്ട്മെന്റ് മാന്വലായി നൽകേണ്ടി വന്നുവെന്നും മേൽ തുക 2016-17വർഷത്തെ 'prior period expenses' ഹെഡിൽ ഉൾപ്പെടുത്താമെന്നുമാണ് മറുപടി നൽകിയത്.

** SFC യിൽ EFMS തുക ഉൾപ്പെടുത്തിയ തുകയല്ല വരവിലും ചെലവിലും ചേർത്തിട്ടുള്ളത്. Proforma I ൽ B fund തുകയും ശരിയല്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 167 | 76466564 | 10 | 37 | 72 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | 17507036 | - | - |
| നികുതിയേതര വരവുകൾ | - | 4573200 | - | - |
| മറ്റ് വരവുകൾ | - | ഇല്ല | - | - |

| | | | | |
|---|---|---|---|---|
| ആകെ | - | 17964363 | - | - |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 5 | 2 | |
| 2 | തൊഴിൽ രഹിത വേതനം | 88 | 68 | 20 | |
| 3 | വിധവാ പെൻഷൻ | 80 | 75 | 5 | |
| 4 | വികലാംഗ പെൻഷൻ | 20 | 17 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 277 | 247 | 30 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 17,732/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു രജിസ്റ്ററുകളും ഫയലുകളും മികച്ച രീതിയിൽ പരിപാലിച്ചിട്ടുണ്ട്. നിർബന്ധിത പദ്ധതിയായ പാലിയേറ്റീവ് കെയർ അർഹരായവർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5-9-16 | 1-8-16 മുതൽ 31-8-16 വരെ | ലഭിച്ചില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 3-3-14 | 2008-09 മുതൽ 2012-13 വരെ | 25-5-14 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം.

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(നികുതി ചുമത്തലും ഈടാക്കലും അപ്പീലും)5-ലെ മാതൃകയിൽ സൂക്ഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് | I & II അർദ്ധ വർഷം | 2500 |

| | | | |
|---|---|---|---|
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | II അർദ്ധ വർഷം | 1250 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് | I & II അർദ്ധ വർഷം | 2500 |
| 4 | സിവിൽ സപ്ലൈസ് | I & II അർദ്ധ വർഷം | 2500 |
| | | ആകെ | 8,750 |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പരിധിയിൽ 15റേഷൻ കടകൾ, 4പാരാമെഡിക്കൽ സ്ഥാപനങ്ങൾ, 2ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ,7 കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 30/തീയതി 28.10.2016). എന്നാൽ ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 11-5-2007-ലെ സി3-15557/2007 നം. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റൈസ് മില്ലുകൾ, ഓഡിറ്റോറിയങ്ങൾ/കല്യാണ മണ്ഡപങ്ങൾ, കള്ള് ഷാപ്പുകൾ, എന്നിവയിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ട തുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 <u>കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ, 2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 30/തീയതി 28.10.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവർത്തികൾ നടത്തിയ കരാറുകാറിൽനിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കണ്ടേതാണ്.

## 2-3 <u>ഡി&ഓ ലൈസൻസ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

2015-16സാമ്പത്തിക വർഷം 188സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ് നൽകി 90,400/-ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പരിപാലിക്കുകയും ഓഡിറ്റിന് ഹാജരാക്കിയിട്ടുമുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ നിന്നും 2015-16വർഷത്തെ ഡി&ഓ ലൈസൻസികളിൽ നിന്നും താഴെ

പറയുന്ന രേഖകൾ അപേക്ഷകളോടൊപ്പം വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

1. സ.ഉ(എം.എസ്)നമ്പർ323/2011/ത.സ്വ.ഭ.വ. തീ.27-12-2011 നിർദ്ദേശാനു സരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.
2. സർക്കുലർ നമ്പർ 63624/ആർ.സി.2/ 2008/ത.സ്വ.ഭ.വ തീ. 15-06-2009പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.
3. സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി 26-4-2011 അനുസരിച്ച് ഡി&ഓ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

കൂടാതെ അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ അനുമതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവു കളിലെ/സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്.

2015-16 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 1,00,000/- രൂപ പരസ്യ നികുതി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തൻ വർഷം പരസ്യ നികുതി ഡിമാന്റ് ചെയ്യുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 38/തീയതി: 31.10.2016-ന് മറുപടിയായി പരസ്യ നികുതി ബൈലോ പാസ്സാക്കിയിട്ടില്ല എന്നും പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലത്തിൽ നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ രേഖപ്പെടുത്തലുകൾ അപൂർണ്ണം

2015-16 സാമ്പത്തിക വർഷത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം, പെർമിറ്റ് ഫീ ഈടാക്കിയതിന്റെ രസീത് നം./തീയതി, കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം തുടങ്ങിയ വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ മുഴവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-6 ക്രഷർ യൂണിറ്റുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ആകെ 4 പാറ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. തൻ വർഷം ഈ ക്വാറികളിൽ നിന്നും 28,422/-രൂപ വസ്തു നികുതി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റുകളിൽ (ആകെ എണ്ണം 4) നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. താല്ക്കാലിക കെട്ടിടങ്ങളിലാണ് ക്രഷർ യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്നും ആയതിനാൽ വസ്തു നികുതി ഈടാക്കുന്നില്ല എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 27-ന് മറുപടിയായി അറിയിച്ചിട്ടുള്ളത്. എന്നാൽ,1994പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 2(iii) പ്രകാരം താല്ക്കാലിക ഷെഡുകൾക്കും വസ്തു നികുതി ഈടാക്കാവുന്നതാണ്. ആയതിനാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ക്രഷർ യൂണിറ്റുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റിവർസാൻഡ് ഇറക്കിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല - മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ ചുറ്റുമതിൽ നിർമ്മാണം, റോഡ് മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്ക് റിവർസാൻഡ് ഉപയോഗിച്ചുള്ള ഉയർന്ന നിരക്കാണ് അനുവദിച്ചിരുന്നത്. എന്നാൽ വർക്ക് ഫയലുകൾക്കൊപ്പം റിവർ സാൻഡ് ഇറക്കുമതി ചെയ്തതിന്റെ ബിൽ /വൗച്ചറുകൾ ഒന്നും തന്നെ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 32/തീയതി 27.10.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയതിൽ മണൽ വാങ്ങിയ ബിൽ ലോറി വൗച്ചർ നമ്പർ എന്നിവ ഉൾപ്പെടുത്തിയില്ല. പദ്ധതികളുടെ വിവരവും ചെയ്ത പ്രവൃത്തിയുടെ മൂല്യവും ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നം. - 56/16 (വടക്കേമല – അംഗൻവാടി ചുറ്റുമതിലും ഗേറ്റും)

അടങ്കൽ തുക - 2,50,000/-

ചെലവ് - 2,38,218/- വികസനഫണ്ട് എസ്.സി.പി

ബിൽ നം. - 12/15-16 തീയതി 22.08.2015

കണവീനർ - സൗമ്യമോഹൻ

നിർവ്വഹണം - എ.ഇ

എം.ബുക്ക് നം - 239/14-15

ഐറ്റം നം.3, സി.സി 1:1:5:3 = 3.00m3 @ 164.54/10dm3 = 49362.10/-

(page 30 of MB)

ഡി.ഡി.നം - 521496 തീയതി 25.08.2015 = 2,22,487/-

2. പ്രോജക്ട് നം. - 63/16 (ജി.വി.രാജ ഇടയംകോട് റോഡ് മെയിന്റനൻസ്)

അടങ്കൽ തുക - 64,050/-

ചെലവ് - 64,050/- (റോഡ് മെയിന്റനൻസ്)

ബിൽ നം. - 8/15-16 തീയതി 17.08.2015

കണവീനർ - ചന്ദ്രൻ നായർ

എം.ബുക്ക് നം - 321/14-15

ഡി.ഡി.നം - 521394 തീയതി 19.08.2015 = 59,565/-

ഐറ്റം (പേജ് നം.5 of MB)

- CC 1:4:8 40mm 7.5m3@4616/m3 = 34620/-
- CC 1:2:4 20mm 3.75 m3 @ 68.27/10dm3 = 25601.25

3. പ്രോജക്ട് നം. - 58/16 (അരുക്കിക്കര പഞ്ചായത്ത് മാർക്കറ്റ് മൃഗാശുപത്രി കോൺക്രീറ്റ് റോഡ് മെയിന്റനൻസ്)

അടങ്കൽ തുക - 65,000/-

ചെലവ് - 64,735/- (മെയിന്റനൻസ് റോഡ്)

ബിൽ നം. - 11/15-16 തീയതി 22.08.2015

കണവീനർ - സന്തോഷ് ബാബു

നിർവ്വഹണം - എ.ഇ

എം.ബുക്ക് നം - 82/14-15

ഡി.ഡി.നം - 521860 തീയതി 10.09.2015 = 60,459/-

ഐറ്റം

- CC 1:4:8 40mm 1.2m3@4616/m3 = 5539/-
- CC 1:2:4 20mm 8134 m3 @ 68.27/10dm3 = 55530.81/-

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പുറത്തിറക്കിയ

മാർഗരേഖ പ്രകാരം കൺവീനർ വർക്കുകൾ വാങ്ങുന്ന സാധനങ്ങളുടെ അസൽ ബില്ലുകൾ/വൗച്ചറുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-2 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. - 10/16 (കന്നുകുട്ടി പരിപാലനം)

അടങ്കൽ തുക - 3,12,500/- (വികസഫണ്ട് ജനറൽ)

ചെലവ് - 312500/-

ബിൽ നം. - 11/15-16 തീയതി 22.08.2015

നിർവ്വഹണം - വെറ്റിനറി സർജൻ

ബിൽ നം - 2/2015-16

ഡി.ഡി.നം - 981458 തീയതി 19.12.2016 = 3,12,500/-

ടി പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം ആകെ 3,12,500/- രൂപ സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം ഡയറക്ടറുടെ പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഈ വിവരം ഓഡിറ്റ് അന്വേഷണം നം.37തീയതി 31.10.2016 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയപ്പോൾ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഹാജരാക്കും എന്ന മറുപടിയണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 3,12,500/- രൂപ തടസ്സം ചെയ്യുന്നു.

## 3-3 അരുവിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തൽ - തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.

പ്രോജക്ട് നം. - 40/16 (അരുവിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തൽ)

അടങ്കൽ തുക - 3,00,000/- (മെയിന്റനൻസ് എൻ.ആർ)

ചെലവ് - 3,00,000/-

ബിൽ നം. - 3/15-16 തീയതി 17.11.2015 – 2,55,000/-

നിർവ്വഹണം - മെഡിക്കൽ ഓഫിസർ പി.എച്ച്.സി/സി.എച്ച്.സി അരുവിക്കര

ഡി.ഡി.നം - 980743 തീയതി 17.11.2015 = 2,55,000/-

ഡി.ഡി.നം - 984043 തീയതി 25.12.2016 = 45,000/-

ടി പ്രോജക്ട് പ്രകാരം അരുവിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും 3,00,000/- രൂപയ്ക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 45,000/- രൂപയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. ബിൽ നം.11/15-16 തീയതി 21.01.2016 നാണ് രൂപ 45000/- പിൻവലിച്ചിരിക്കുന്നത്. എന്നാൽ കെ.എസ്.ഐ.ഇ-ക്ക് നൽകിയ ഡി.ഡി നമ്പറിൽ ഡിസംബർ മാസത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. (ഡി.ഡി.നം. 984043 തീയതി 25.12.2016) (ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.45 തീയതി 31.10.2016-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ തടസ്സം ചെയ്യുന്നു.

## 3-4 ആശുപത്രി - ഓഫീസ് - ഉപകരണങ്ങൾ വാങ്ങൽ - എം.ഒ/ഡി.ഡി - കൈപ്പറ്റ് രസിത് എന്നിവ ഹാജരാക്കിയില്ല

പ്രോജക്ട് നം. - 35/16 (ആശുപത്രി, ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ തുക - 1,00,000/- (മെയിന്റനൻസ് എൻ.ആർ)

ചെലവ് - 1,00,000/-

ബിൽ നം. - 7/15-16 തീയതി 15.12.2015 – 1,00,000/-

നിർവ്വഹണം - മെഡിക്കൽ ഓഫിസർ പി.എച്ച്.സി/സി.എച്ച്.സി അരുവിക്കര

ടി പ്രോജക്ടിന് 100000/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും ആശുപത്രി, ഓഫിസ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സിഡ്കോയ്ക്ക് നൽകിയ ഡി.ഡി യുടെ കോപ്പിയും, കൈപ്പറ്റ് രസീതും വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45 തീയതി 31.10.2016) ലഭ്യമായ മറുപടി തൃപ്തികരമല്ല. ആയതിനാൽ 1,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 പാലിയേറ്റീവ് കെയർ - അധികം തുക പിൻവലിച്ചു - 40,494/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 33/16

അടങ്കൽ തുക - 2,96,200/-

1,96,200/- ധനകാര്യകമ്മീഷൻ അവാർഡ്

1,00,000/- ബ്ലോക്ക് വിഹിതം

ചെലവ് - 2,96,200/-

നിർവ്വഹണം - മെഡിക്കൽ ഓഫിസർ

ചെക്ക് നം (ബ്ലോക്ക് വിഹിതം)- 4725318 തീയതി 22.02.2016 – 10000/-

ടി പ്രോജക്ടിന് പഞ്ചായത്തിന്റെ ആകെ അടങ്കൽ 2,96,200/- (ധനകാര്യ കമ്മീഷൻ അവർഡ്) ആണ്. ഈ

തുകയ്ക്ക് 11(1)/29.04.2015 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ബിൽ ബുക്ക് പരിശോധിച്ചതിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ പിൻവലിച്ച് ചെലവ് ചെയ്തിട്ടുണ്ട്.

| ബിൽ നം. | തുക | തിയതി |
|---|---|---|
| 1/15-16 | 48500 | 18.08.2015 |
| 2/15-16 | 32265 | 12.10.2015 |
| 5/15-16 | 19424 | 15.12.2015 |
| 6/15-16 | 76469 | 15.12.2015 |
| 8/15-16 | 36505 | 21.01.2016 |
| 9/15-16 | 23531 | 21.01.2016 |
| ആകെ | 2,36,694 | |

ഭരണാനുമതി ലഭ്യമായ തുകയെക്കാൾ 40,494/- രൂപ അധികം പിൻവലിച്ച് ചെലവ് ചെയ്തിട്ടുണ്ട്. ഈ വിവരം ഓഡിറ്റ് അന്വേഷണം (നം.45 തീയതി 31.10.2016) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് വിഹിതമായി ലഭിച്ച 1,00,000/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങാനായി ചെലവഴിച്ചിട്ടുണ്ട്. ബിൽ ബുക്ക് പ്രകാരം അധികമായി പിൻവലിച്ച തുക 40,494/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-6 കാരോട്ടുകോണം-തലയ്ക്കാവിള- വഴനിലം റോഡ് ഫസ്റ്റ് മെറ്റലിംഗ് -എം ബുക്കിലെ തുകകൾ കൂട്ടിയതിലെ അപാകത -കരാറുകാരന് 921/-രൂപ അധികമായി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 105/16 |
| അടങ്കൽ | 7,16,500/- |
| ചെലവ് തുക | 5,89,503/- |
| ഫണ്ട് | വികസന ഫണ്ട് -ജനറൽ |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | വിനോദ്.എസ് |
| എം ബുക്ക് നമ്പർ | 369/15-16 |

| | |
|---|---|
| ടെണ്ടർ | 16.17% കുറവ് |
| ബിൽ നമ്പ്ര | 64/15-16 തീയതി 31.03.16 |
| ഡി.ഡി. നമ്പർ | 777499തീയതി 08.04.2016 |

മേൽ സൂചിപ്പിച്ച പ്രവൃത്തി പൂർത്തീകരിച്ച ശേഷം അന്തിമ ബിൽ തയ്യാറാക്കുന്നതിനു വേണ്ടി എം ബുക്കിലെ തുകകൾ കൂട്ടിയതിൽ പിശക് സംഭവിച്ചതിനാൽ കരാറുകാരന് തുക അധികമായി നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നമ്പർ | എം.ബുക്ക്<br>പേജ് നമ്പർ | പ്രവൃത്തി മൂല്യം |
|---|---|---|
| 1 | 18 | 142332-66 |
| 2 | 20 | 332812-54 |
| 3 | 20 | 78513-53 |
| 4 | 21 | 11135-75 |
| 5 | 22 | 85075-72 |
| 6 | 23 | 52243-92 |
| ആകെ തുക | | 702114 -12 |

| | |
|---|---|
| എ) അന്തിമ ബിൽ തയ്യാറാക്കാൻ വേണ്ടി കൂട്ടിയെടുത്ത തുക<br>(എം ബുക്ക് പ്രകാരം) | 7,03,213 -10 |
| ടെണ്ടർ കുറവ് 16.17% | 113710-10 |
| അനുവദിച്ച തുക | 5,89,503/- |
| ബി) അന്തിമ ബിൽ തയ്യാറാക്കാൻ വേണ്ടി | 702114-12 |

| | |
|---|---|
| കുട്ടിയെടുക്കേണ്ടിയിരുന്ന തുക<br>(എം ബുക്കിലെ യഥാർത്ഥ തുക) | |
| ടെണ്ടർ കുറവ് 16.17% | 113532-12 |
| അനുവദിക്കേണ്ടിയിരുന്ന തുക | 58,88,582 |
| അധികം നൽകിയ തുക (എ – ബി ) | 921/- |

ഈ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ: 32 തീയതി 27.10.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ അധികം നൽകിയ തുക 921/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 തെരുവു വിളക്കുകളുടെ പരിപാലനം - പ്രവർത്തി മൂല്യം കണക്കാക്കാത്ത മെയിന്റനൻസ് തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ: ശ്രീ.പ്രസന്നൻ | പദ്ധതി നമ്പർ 138/15-16 |
| അടങ്കൽ തുക : 9,00,000 | നൽകിയ തുക : 8,99,859 |

തെരുവു വിളക്ക് പരിപാലനം പദ്ധതികൾക്കായി ടെണ്ടർ ക്ഷണിക്കുകയും(സപ്ലൈ ചെയ്യേണ്ട ഉപകരണങ്ങളും കൂലിയും ഉൾപ്പെടെ) കെ.എസ്.ഇ.ബി നിരക്കിനേക്കാൾ 2.5% കുറഞ്ഞ നിരക്കിൽ പണി ചെയ്യാം എന്ന് ടെണ്ടർ നൽകിയ ശ്രീ.രാമചന്ദ്രൻ കെ എന്നയാൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തി നൽകുകയുണ്ടായി. പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങളും ബൾബുകളും സപ്ലൈ ചെയ്യുകയും ആയതിലേയ്ക്കായി 4,23,440/-രൂപ കരാറുകാരന് നൽകിയിട്ടുമുണ്ട്.

മെയിന്റനൻസ് വർക്കിനായി 4,76,419/- രൂപ ഉൾപ്പെടെ ഈ പ്രവർത്തിയ്ക്കായി ആകെ 8,99,859/- കരാറുകാരന് നൽകിയിട്ടുണ്ട്. ഇതിൽ മെയിന്റനൻസ് പ്രവർത്തി ഏതെല്ലാം ചെയ്യേണ്ടതുണ്ടായിരുന്നു എന്ന് എസ്റ്റിമേറ്റ് എടുക്കുകയോ, ചെയ്ത പ്രവർത്തി അളവ് രേഖപ്പെടുത്തുകയോ ഉണ്ടായിട്ടില്ല. പൂർത്തീകരിച്ച പ്രവർത്തിയുടെ അളവ് രേഖപ്പെടുത്താതെ എങ്ങനെയാണ് 2.5% ടെണ്ടർ കുറവ് വരുത്തിയത് എന്ന് വ്യക്തമല്ല. കരാറിൽ വ്യവസ്ഥ ചെയ്തിരുന്ന പ്രകാരം തെരുവു വിളക്ക് പരിപാലന രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല.

പ്രവർത്തിയുടെ മൂല്യം കൃത്യമായി രേഖപ്പെടുത്തി ആയത് പരിശോധിച്ച് ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. അതിനാൽ പ്രസ്തുത പ്രവർത്തിയുടെ കൂലി ഇനത്തിൽ നൽകിയിട്ടുള്ള 4,76,419/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 1397215/-രൂപ 2015-16ൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കു വരുത്തി.ഉപഭോഗം സംബന്ധിച്ച് മീറ്റർ സ്ഥാപിക്കുകയോ മറ്റ് രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കെ.എസ്.സി.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണവും ഉപഭോഗവും കണക്കാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പഞ്ചായത്ത് -വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 2015-16 വ്രഷത്തിൽ 19,87,574/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഉപയോഗ യോഗ്യമായ പൈപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലനുസരിച്ചാണ് പഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നത്. യഥാർത്ഥ ജല ഉപഭോഗത്തിന്റെ ചെലവ് കണക്കാക്കുന്നതിന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 3-10 ജീവനക്കാരുടെ പേര് ഉൾപ്പെട്ട സീൽ നിർമ്മിച്ച നൽകിയതിൽ 3,825/- തടസ്സം ചെയ്യുന്നു.

| | |
|---|---|
| ചെക്ക് നമ്പർ/തീയതി | 8249/08.02.2016 |
| തുക | 3,825 |

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന 9 ജീവനക്കാർക്ക് സ്വന്തം പേര് ഉൾപ്പെട്ട സീലുകൾ നിർമ്മിച്ച നൽകിയതിന് "വെൽ പ്രിന്റ് " എന്ന സ്ഥാപനത്തിന് 425/-രൂപ നിരക്കിൽ 3825/-രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | സന്തോഷ് കുമാർ | സീനിയർ ക്ലർക്ക് |
| 2 | രാജഗോപാൽ | ക്ലർക്ക് |
| 3 | അജയൻ ടി.എസ് | ക്ലർക്ക് |
| 4 | ഷിബി എം എസ് | സീനിയർ ക്ലർക്ക് |
| 5 | സുനിൽ .എസ്. | സീനിയർ ക്ലർക്ക് |
| 6 | സുശീല.ജി | ക്ലർക്ക് |
| 7 | രജിത .ജി | ക്ലർക്ക് |

| | | |
|---|---|---|
| 8 | മുരളീധരൻ | ലൈബ്രേറിയൻ |
| 9 | അമ്പിളി | അക്കൗണ്ടന്റ് |

ജീവനക്കാരുടെ പേരു വിവരം ഉൾപ്പെടുന്ന സീൽ തയ്യാറാക്കുന്നത് അവരവരുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണ്. കൂടാതെ ജീവനക്കാരുടെയും പഞ്ചായത്തിന്റേയും പേരു ഉൾപ്പെടുന്ന സീൽ ആയതിനാൽ ടി ജീവനക്കാർ സ്ഥലംമാറുമ്പോൾ സീൽ ഉപയോഗശൂന്യമാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ സീൽ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവു ചെയ്ത 3,825/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സമയ ക്രമം കഴിഞ്ഞ് യാത്രാ ബത്ത ,ഡി.എ കുടിശ്ശിക എന്നിവ വാങ്ങിയത് 17,610/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ.ആർ. ചന്ദ്രമോഹനൻ നായർ 12/2013 മുതൽ 4/2014 വരെ കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി നടത്തിയ ഔദ്യോഗിക യാത്രകൾക്ക് 10.02.2016 തീയതിയിൽ വൗച്ചർ നമ്പർ 21500973/10.02.2016 പ്രകാരം 12,238/-രൂപ യാത്രാ ബത്തയായി കൈപ്പറ്റിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(ഡി) പ്രകാരം യാത്ര പൂർത്തിയാക്കി രണ്ടു വർഷത്തിനകം യാത്രാപ്പടി ബില്ല് നൽകി ക്ലെയിം ചെയ്യേണ്ടതാണ്. ഈ കാലാവധി പാലിക്കാത്ത ക്ലെയിമുകൾ സ്രക്കാറിന്റെ പ്രത്യേക അനുവാദമില്ലാതെ മാറി നൽകുവാൻ പാടുള്ളതല്ല. ഇതിൽ ശ്രീ.ആർ. ചന്ദ്രമോഹനൻ നായർ കൈപ്പറ്റിയിരിക്കുന്ന 12/2013 ,01/2014 എന്നീ മാസങ്ങളിലെ യാത്രാ ബത്ത തുക 3220/- (1610 X 2 മാസം) നിയമാനുസൃതമായ കാലാവധിയ്ക്കുള്ളിൽ ക്ലെയിം ചെയ്യാത്തതിനാൽ തടസ്സപ്പെടുത്തുന്നു.

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)221/2014 /ഫിൻ തീയതി 16.06.2014 പ്രകാരം സർക്കാർ ജീവനക്കാരുടെ ക്ഷാമ ബത്ത 63% ത്തിൽ നിന്നും 73% ത്തിലേയ്ക്ക് വർദ്ധിപ്പിച്ചു. ഈ ഉത്തരവ് പ്രകാരം 01/01/2014 മുതൽ 31/05/2014 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 31.12.2014 നകം ക്ലെയിം ചെയ്യേണ്ടതാണ്. എന്നാൽ മുൻ സെക്രട്ടറി ശ്രീ.ആർ. ചന്ദ്രമോഹനന്റെ 01/2014 മുതൽ 05/2014 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 14,930/- രൂപ (വൗച്ചർ നമ്പർ 21500970 തീയതി 02.01.2016 പ്രകാരം മാറി നൽകിയിട്ടുണ്ട്.കാലാവധി കഴിഞ്ഞ് മാറിയ ക്ഷാമ ബത്ത കുടിശ്ശിക തുക14,930/-രൂപ ഉൾപ്പെടെ ആകെ 17610/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. സർക്കാരിൽ നിന്നും പ്രത്യേകം അനുവാദം വാങ്ങി ചെലവ് സാധൂകരിക്കേണ്ടതാണ്.

## 3-12 മുണ്ടേല അംഗൻവാടിയിലെ മഹാഗണി മരം ലേലം ചെയ്തതിലെ അപാകത 12,556/- രൂപ നിരാകരിക്കുന്നു.

മുണ്ടേല അംഗൻവാടി കോമ്പൗണ്ടിൽ അപകടകരമായി നിന്ന മഹാഗണി മരം അടിയന്തരമായി മുറിക്കണമെന്ന് കമ്മിറ്റി തീരുമാനിക്കുകയും വനം വകുപ്പിൽ നിന്നും 38,806/- രൂപയ്ക്ക് മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. 03.03.2015 ൽ ഈ മരം 32,250/- രൂപയ്ക്ക് ശ്രീ.രാധാകൃഷ്ണൻ എന്നയാൾക്ക് ലേലം ചെയ്തുവെങ്കിലും വാല്യുവേഷൻ തുകയെക്കാൾ കുറഞ്ഞ നിരക്കായതിനാൽ 16.03.2015 ൽ കൂടിയ കമ്മിറ്റി പ്രസ്തുത ലേലം റദ്ദാക്കി പുനർലേലം നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് 26.03.2015,14.05.2015 എന്നീ തീയതികളിൽ പുനഃ ലേലം നടത്തിയെങ്കിലും ലേലം വിളിക്കാൻ ആളില്ലാത്തതിനാൽ ലേലം നടന്നില്ല.തുടർന്ന് 30.05.2015 മഹാഗണി മരം ലേലം ചെയ്യുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. 30.05.2015 തീയതിയിൽ 24,250/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ.ടൈറ്റസിന് ലേലം സ്ഥിരപ്പെടുത്തി നൽകി.

എന്നാൽ, മിനിറ്റ്സ് ബുക്ക് പരിശോധനയിൽ 27.05.2015 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 12 പ്രകാരം ശ്രീ.ടൈറ്റസിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട്. പുനർ ലേലത്തിനു മുമ്പായി വനം വകുപ്പിൽ നിന്നും പുതുക്കിയ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.ലേല ഡയറി,ലേല നോട്ടീസുകൾ, മിനിറ്റ്സ് ബുക്ക് എന്നിവ

പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. 36,806/- രൂപയ്ക്ക് വനം വകുപ്പ് മൂല്യനിർണ്ണയം നടത്തിയ മരം 03.03.2015 തീയതിയിൽ 32,250/-രൂപയ്ക്ക് ലേലം ചെയ്തുവെങ്കിലും ആയത് അംഗീകരിക്കാതെ പുനർ ലേലം നടത്തി 30.05.2015 ൽ 24,250/-രൂപയ്ക്ക് സ്ഥിരപ്പെടുത്തി നൽകി.
2. 27.05.2015 ൽ പഞ്ചായത്ത് കമ്മിറ്റി ശ്രീ. ടൈറ്റസ് പേർക്ക് 24,250/- രൂപയ്ക്ക് സ്ഥിരപ്പെടുത്തി നൽകിയ ലേലം നടന്നത് 30.05.2015 തീയതിയിലാണ്.
3. വനം വകുപ്പിൽ നിന്നും പുതുക്കിയ വാല്യവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.
4. മഹാഗണി മരം ലേലം അംഗീകരിച്ച ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും 5000/- രൂപ ചെലവു ചെയ്ത് മരം മുറിച്ചയാളിന് നൽകിയിട്ടുണ്ട്.

മേൽ വിശദീകരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ മഹാഗണി മരം വാല്യൂവേഷനിൽ നിന്നും കുറവു തുകയ്ക്ക് ലേലം ചെയ്ത 12,556 രൂപ (36,806 - 24,250) തടസ്സം ചെയ്യുന്നു. ലേലം സ്ഥിരപ്പെടുത്തിയ ശേഷം മരം മുറിക്കാനായി കൂലി നൽകിയ തുക 5000/-രൂപ (ചെക്ക് നമ്പർ 1998/15.07.2015) ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-13 വാർഡ് സഭാകേന്ദ്രവും വാർഡ് വികസന സമിതിയും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല

പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യ വൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടിച്ചേർന്ന് വികസന കാര്യങ്ങൾ ചർച്ചചെയ്യുവാനായിട്ടാണ് എല്ലാ വാർഡിലും ഗ്രാമകേന്ദ്രം രൂപീകരിക്കുവാൻ പദ്ധതി ആസൂത്രണ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ഗ്രാമസഭാ ഓഫീസ് ആയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജനകീയ സമിതികളുടെയും കേന്ദ്രമായിട്ടും വാർഡിലെ വികസന-സേവന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒരു എക്സ്റ്റൻഷൻ കേന്ദ്രമായും വാർഡ് സഭാ കേന്ദ്രം പ്രവർത്തിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലും ആയത് ലഭ്യമല്ലാത്ത വാർഡുകളിൽ വാടക കെട്ടിടത്തിലും പ്രവർത്തിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അരുവിക്കര പഞ്ചായത്തിൽ 2015-16 വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും ഗ്രാമ കേന്ദ്രങ്ങൾക്ക് മേശയും കസേരയും വാങ്ങുവാനായി വൗച്ചർ 46/2015 -16 പ്രകാരം 67,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ 18 അംഗൻവാടി കെട്ടിടങ്ങളോടൊപ്പം 2 വാടക കെട്ടിടത്തിലും ഗ്രാമ കേന്ദ്രത്തിന്റെ ബോർഡ് സ്ഥാപിക്കുകയും വിതരണം ചെയ്ത ഫർണിച്ചർ കെട്ടിടങ്ങളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതായി സ്ഥല പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. പാണ്ടിയോട്,ചെറിയ കൊണ്ണി എന്നിവിടങ്ങളിലാണ് രണ്ട് ഗ്രാമ കേന്ദ്രങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചത്. ഇതിന്റെ വാടക ഇനത്തിൽ ആകെ 5,000/- രൂപ 2015-16 സാമ്പത്തിക വർഷം ചെലവു ചെയ്തു.

എന്നാൽ ഓഡിറ്റ് എൻക്വയറി 25/ തീയതി. 26.10.2016-ന് മറുപടിയായി വാർഡ് വികസന സമിതി യോഗങ്ങൾ കൂടാറില്ല എന്നും ആയതിനാൽ മിനിട്ട്സ് ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 112/14/ത.സ്വ.ഭ.വ തീയതി 25.06.2014-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വാർഡ് വികസന സമിതി എല്ലാ മാസവും കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും ടി ഉത്തരവിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരമുള്ള ചുമതലകൾ നിറവേറ്റേണ്ടതുമാണ്.

# 3-14 പ്രവർത്തന രഹിതമായ ടി.വി. കീയോസ്കുകൾക്ക് ചെലവ് ചെയ്ത തുക 1,199/- രൂപ നിരസിക്കുന്നു.

2015-16 ൽ വെമ്പന്നൂർ, മൈലം എന്നിവിടങ്ങളിലെ ടി.വി. കീയോസ്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് ഇനത്തിൽ

1197/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി.വി. കീയോസ്കുകൾ പ്രവർത്തിച്ചു വരുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറി 36 ന് മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തിക്കാത്ത ടി.വി. കീയോസ്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകിയ തുക1,197/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചാ. | 2015-16 | 100000 | പാലിയേറ്റീവ് കെയർ | 100000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | Separate report attached | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി (ലോൺ തിരിച്ചടവ്) | സ.ഉ.നം. 273/ 2010/ത.സ്വ.ഭ.വ തീയതി. 27.01.2010 | 15706500 | 7778250 | 2925967 | 4852283 |

# 4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

# 4-6 <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3(1) | 119742 | | 11508102699 / 31.03.16<br>11508102701/ 31.03.16<br>11508102718/ 31.03.16<br>11508102719/ 31.03.16<br>11508102749/ 31.03.16 |

| | | | | |
|---|---|---|---|---|
| | | | | 11508102767/ 31.03.16<br>11508102815/ 31.03.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3.8 | 2014-15 | 3.3 | സർക്കാർ സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ | തീർപ്പാക്കി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45687143 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64925226 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8750 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14676 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 995848 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 8750 | - | ശ്രീ.എസ്.പ്രസന്നൻ, സെക്രട്ടറി |
| 3.6 | - | 921 | ശ്രീമതി.ദീപ്തി, അസിസ്റ്റന്റ് എൻജിനീയർ |
| 3.12 | - | 12556 | ശ്രീ.എസ്.പ്രസന്നൻ, സെക്രട്ടറി |
| 3.14 | - | 1199 | ശ്രീ.എസ്.പ്രസന്നൻ, സെക്രട്ടറി |
| ആകെ | 8750 | 14676 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 312500 | ശ്രീമതി.മുംതാസ്, വെറ്ററിനറി സർജൻ |
| 3.3 | 45000 | ഡോ.ദേവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3.4 | 100000 | ഡോ.ദേവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3.5 | 40494 | ഡോ.ദേവിമെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3.7 | 476419 | എസ്.പ്രസന്നൻ സെക്രട്ടറി |
| 3.10 | 3825 | എസ്.പ്രസന്നൻ സെക്രട്ടറി |
| 3.11 | 17610 | എസ്.പ്രസന്നൻ സെക്രട്ടറി |
| ആകെ | 1226960 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.പ്രസന്നൻ സെക്രട്ടറി | സെക്രട്ടറി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | തംബുരു, ഇരിഞ്ചയം പി.ഒ, നെടുമങ്ങാട് |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 140/03 തീയതി.01.07.14/30.09.14 | 5 | |

| | | | |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 154/03 തീയതി.1.7.14/30.09.14 | 1 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 1143/03 തീയതി.01.04.14 | 4 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 43/07 തീയതി1.7.14 | 9 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 261/08 തീയതി.1.7.14 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 262/08 തീയതി.1.7.14 | 2 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 1918/08 തീയതി.1.7.14 | 7 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 218/09 തീയതി.1.7.14 | 5 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 2456/11 തീയതി.1.7.14 | 3 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 2457/11 തീയതി.01.07.14 | 7 | |
| 2010-11& 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/ 481/12 തീയതി 21.10.14 & 11.11.14 | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/<br>28/15 തീയതി. 26.03.15 | 19 | |

| | | | |
|---|---|---|---|
| 2013-14 | നം.കെഎസ്.എ.റ്റിവിഎം/ജി.പി-6/ 909/15തീയതി.18.09.2015 | 19 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല
2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയ വിവര വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പടുത്തിയിട്ടില്ല.
3. പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന് അംഗീകരം ലഭിച്ചതിലും അധികമായ 49/- രൂപ പഞ്ചായത്തിന്റെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവാക്കിയിരിക്കുന്നു. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ ഉൾപ്പടുത്തിയിട്ടില്ല.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.